**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3621 20.06.2019-ൽ മറുപടിക്ക്**

**ആർ.സി.സി. യിലെ ഇമേജിയോളജി ഡിവിഷനിലെ സി.റ്റി. സ്കാൻ മെഷീൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആർ.സി.സി. യിലെ ഇമേജിയോളജി ഡിവിഷനിലെ സി.റ്റി. സ്കാൻ മെഷീൻ തകരാറിലായിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് പ്രസ്തുത മെഷീൻ പ്രവർത്തനരഹിതമായത് എന്ന് അറിയിക്കുമോ; | (എ) | ആർ.സി.സി.യിലെ ഇമേജിയോളജി ഡിവിഷനിലെ സി.റ്റി.സ്കാൻ മെഷീൻ 2019 മാർച്ച് 1-ാം തീയതി മുതലാണ് പ്രവർത്തനരഹിതമായത്. |
| (ബി) | പ്രസ്തുത മെഷീന്റെ പ്രവർത്തനം പുന:സ്ഥാപിക്കുവാൻ സാധിക്കാത്തത് ആരുടെ അനാസ്ഥ കൊണ്ടാണ്; | (ബി)<br>&<br>(സി) | പ്രസ്തുത മെഷീന്റെ കാലപഴക്കം പരിഗണിച്ച് പുതിയ മെഷീൻ വാങ്ങാൻ 2016-17 സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പ്ലാൻ ഫണ്ടിൽ 12 കോടി രൂപ വകയിരുത്തി 2017-ൽ ടെണ്ടർ നടപടികൾ ആരംഭിച്ചു. ആദ്യത്തെ ടെണ്ടറിൽ M/s. Siemens Health Care Pvt. Ltd. എന്ന കമ്പനി മാത്രമാണ് പങ്കെടുത്തത്. ആയതിനാൽ വീണ്ടും റീ-ടെണ്ടർ ചെയ്യുകയുണ്ടായി. രണ്ടാം തവണയും ടി കമ്പനി മാത്രമാണ് പങ്കെടുത്തത്. സാങ്കേതിക കമ്മിറ്റിയുടെ ശുപാർശ പ്രകാരവും സ്റ്റോർ പർച്ചേയ്സ് അനുശാസിക്കുന്ന നിയമപ്രകാരവും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദത്തോടെയും 2018 മാർച്ച് 17-ൽ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്തു. എന്നാൽ കമ്പനി quote ചെയ്ത തുക കൂടുതലായതിനാൽ അവരുമായി ചർച്ച ചെയ്യാൻ 2018 മാർച്ച് 26ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർന്ന് കമ്പനിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 14.85 കോടി രൂപ ആയി നിജപ്പെടുത്തുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദത്തോടെ സപ്ലൈ ഓർഡർ M/s. Siemens Health Care Pvt. Ltd.-ന് നൽകുകയുണ്ടായി. എന്നാൽ 12 കോടി രൂപയ്ക്ക് പുറമേയുള്ള 2.85 കോടി രൂപ Supplementary Demand Grant ആയി വകയിരുത്താൻ എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്തു. എന്നാൽ |
| (സി) | മെഷീന്റെ തകരാർ പരിഹരിച്ച് രോഗികൾക്ക് അത് ഉപയോഗപ്രദമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | കേന്ദ്രം വകയിരുത്തിയ 12 കോടി രൂപ പൂർണ്ണമായും ലഭ്യമല്ലാത്തതിനാൽ സപ്ലൈ ഓർഡർ റദ്ദാക്കുകയുണ്ടായി. എന്നാൽ പിന്നീട് കേന്ദ്രഫണ്ടായ 12 കോടി രൂപ ലഭ്യമായ അവസ്ഥ ഉണ്ടായി. എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ പ്രകാരം മെഷീന്റെ കോൺഫിഗറേഷൻ ലഭ്യമായ തുകയ്ക്ക് അനുസൃതമായി നിജപ്പെടുത്തി റീ-ടെണ്ടർ ചെയ്യാൻ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ആർ.സി.സി.യിലെ റേഡിയേഷൻ ഓങ്കോളജിയിലും, ന്യൂക്ലിയാർ മെഡിസിനിലുമുള്ള സി.റ്റി.സ്കാൻ മെഷീനുകൾ ഉപയോഗപ്പെടുത്തി രോഗികൾക്ക് ബുദ്ധിമുട്ട് വരാതെ സ്കാനിംഗ് നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ